**File No.TCPCTP/2578/2019-D3**

<u>മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം</u>
<u>തിരുവനന്തപുരം</u>

വിഷയം:- നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - കണ്ണൂർ ജില്ല കടന്നപ്പള്ളി -പാണപ്പുഴ ഗ്രാമപഞ്ചായത്ത് അറവുശാല നിർമ്മാണം ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22/10/2019 ലെ എ I-7677/2017 നമ്പർ കത്ത്.

2. കണ്ണൂർ ടൗൺ പ്ലാനറുടെ 24/10/2019 ലെ TCPKNR/2183/19-C നമ്പർ കത്ത്.

3. ചീഫ് ടൗൺ പ്ലാനറുടെ 21/02/2017 ലെ D1/11530/2016/D.Dis നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/2578/2019-D3** തീയതി:**20/11/2019**

---

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പാണപ്പുഴ വില്ലേജിൽ റീ സർവ്വേ നമ്പർ 87/270 - ൽപ്പെട്ട 2.4484 ഹെക്ടർ സ്ഥലത്ത് Group I Hazardous occupancy ൽ പ്പെട്ട അറവുശാല labour quarters, guard room എന്നിവ നിർമ്മിക്കുന്നതിന് പരാമർശം (3) പ്രകാരം അനുമതി നേടിയുള്ള നിർമ്മാണത്തിന് 865.79 ച.മീ വിസ്തീർണത്തിൽ കവിഞ്ഞു നിലവിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതിനാൽ KPBR 2011 ചട്ടം 61 (1) പ്രകാരം അധിക നിർമ്മാണം ക്രമവത്കരിക്കുന്നതിനായും Layout അംഗീകാരത്തിനായും പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. കെ.കെ.മുസ്തഫ, മാനേജിംഗ് ഡയറക്ടർ, എവർഗ്രീൻ അഗ്രോ & ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെപറയുന്ന നിബന്ധനകൾ പൂർണ്ണമായും, പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.പി.ബി.ആർ.1999-ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ 2011-നും അനുബന്ധഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.

5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന / നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം അനുബന്ധ സർക്കാർ സർക്കുലറുകൾ 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്നപക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം
7. കെ.പി.ബി.ആർ. ചട്ടം 101 അനുശാസിക്കുന്ന ഭൂഗർഭ ജല പോഷണ സംവിധാനം തയ്യാറാക്കുക.
8. സ്ഥല പരിശോധനയിൽ ദ്രവ മാലിന്യ സംസ്കരണത്തിനായി തയ്യാറാക്കിയ സംവിധാനം തന്നെയാണ് മലിന ജല പുനഃ ചംക്രമണത്തിനും പുനരുപയോഗത്തിനും ആയി വിഭാവനം ചെയ്തിട്ടുള്ളത് എന്ന് കാണുന്നു .ആയത് മലിന ജല പുനഃ ചംക്രമണത്തിനും പുനരുപയോഗത്തിനും കൂടി ശേഷി ഉള്ളതാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തുക. അല്ലാത്ത പക്ഷം കെ.പി.ബി.ആർ ചട്ടം 61(17) അനുശാസിക്കുന്ന മലിന ജല പുന ചംക്രമണത്തിനും , പുനരുപയോഗത്തിനുമുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 145/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

സെക്രട്ടറി,
കടന്നപള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത്

ജയശ്രീ. പി. ആർ.
ടൗൺ പ്ലാനർ
ചീഫ് ടൗൺ പ്ലാനർക്കുവേണ്ടി.

പകർപ്പ്:-

1. ശ്രീ. കെ.കെ.മുസ്തഫ, മാനേജിംഗ് ഡയറക്ടർ, എവർഗ്രീൻ അഗ്രോ & ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ്, മുഹിബാസ്, പള്ളിപറമ്പ്, കൊളച്ചേരി പി.ഒ, കണ്ണൂർ
2. ടൗൺ പ്ലാനർ, കണ്ണൂർ
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം